നിന്നും Advise ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുമാണ് നിർദ്ദേശം നൽകിയിരുന്നത്. റഗുലർ വേക്കൻസി ഉണ്ടാകുമ്പോൾ സൂപ്പർ ന്യൂമററിയായി നിയമിതനായ ആൾ അതിലേക്ക് ആഗീരണം ചെയ്യപ്പെടുന്നതാണ്.

(ഇ) ജീവനക്കാരൻ വിരമിക്കുമ്പോൾ വഹിച്ചിരുന്ന തസ്തികയല്ല സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കുന്നത്. അതിന്റെ പ്രവേശന തസ്തികയാണ് സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കേണ്ടതും നിയമനം നടത്തേണ്ടതും. അതിനാൽ തന്നെ താഴെ തസ്തിക എന്നൊന്നുദിക്കുന്നില്ല.

(എഫ്-ജി). ഈ പ്രത്യേക ആവശ്യത്തിനായി കാലതാമസം ഒഴിവാക്കുന്നതിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം നിയമനാധികാരികളിലേയ്ക്ക് വികേന്ദ്രീകരിച്ചിരുന്നു. ഒരു വർഷം ഉണ്ടാകാനിടയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും ഉണ്ടാകുമായിരുന്ന തീയതി വച്ച് സൃഷ്ടിച്ച് ഒന്നാകെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനാണ് ഉത്തരവായിരിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പും സൃഷ്ടിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത പൂർണ്ണമായ കണക്ക് ലഭ്യമല്ല.

(എച്ച്-ജെ) വ്യാജ നിയമനങ്ങൾ നടന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉന്നതതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നിയമനങ്ങളിലെ നടപടിക്രമങ്ങളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആയത് നികത്തുന്നതായിരിക്കും. ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന് പുറമേ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റഗുലറൈസ് ചെയ്യാവൂ എന്ന് 14-12-2010-ലെ G.O.(P) No. 40/2010/P&ARD പ്രകാരം എല്ലാ നിയമനാധികാരികളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്തുവാൻ P&ARD-യുടെ കീഴിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് ചുമതലപ്പെടുത്തുവാൻ 14-12-2010-ലെ G.O.(P) No.41/2010/P&ARD പ്രകാരം തീരുമാനിച്ചു.

ലീവെടുത്ത് സംസ്ഥാനത്തിന് പുറത്ത് ജോലിക്ക് പോയവർക്കെതിരെ നടപടി

7 (1533) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി നേടുകയും 5 വർഷത്തെ ലീവെടുത്ത് സംസ്ഥാനത്തിന് പുറത്ത് വിവിധ സ്ഥലങ്ങളിൽ ജോലിക്ക് പോയതുതായ എത്രപേരാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5 വർഷത്തെ ലീവിനുശേഷം സർവ്വീസിൽ റിപ്പോർട്ട് ചെയ്യാതെ എത്ര പേരാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത് ; എങ്കിൽ ഇത്തരക്കാരെ പിരിച്ചുവിട്ട് പുതിയ ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ ലീവെടുത്ത് പോകുന്ന പ്രവണത അവസാനിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും പ്രൊമോഷനുകളും

8 (1534) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മതിയായ ആനുകൂല്യങ്ങളും പ്രൊമോഷനുകളും നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ നിർത്തി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാലാകാലങ്ങളായി ഇത്തരം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രൊമോഷൻ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാരാഫീസിന്റെ ഫോൺ നമ്പർ കത്തുകളിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

9 (1535) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ആഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് അയയ്ക്കുന്ന മറുപടികളിലും കത്തുകളിലും ആഫീസിന്റെ ഫോൺ നമ്പരും പൂർണ്ണ മേൽവിലാസവും ഇ-മെയിൽ അഡ്രസ്സും നിർബന്ധമായും ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ ;

(ബി) ലഭിക്കുന്ന എല്ലാ പരാതികളിലും സ്വീകരിക്കുന്ന നടപടി നിർബന്ധമായും പരാതിക്കാരനെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ അഡ്രസ്സ് ബോർഡുകളിലും സീലുകളിലും ഉദ്യോഗസ്ഥരുടെ ലെറ്റർഹെഡുകളിലും ഔദ്യോഗിക മുദ്രകളിലും പിൻകോഡ് ഉൾപ്പെടുത്തണമെന്നും എല്ലാ ഔദ്യോഗിക കത്തിടപാടുകളിലും അത് അംഗീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly